II. ഉത്തരത്തിലെ തിരുത്ത്

Mr. Speaker: Correction Statement by the Minister for Information and Parliamentary Affairs on behalf of the Minister for Forest and Sports.

ഇൻഫർമേഷനും, പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, 10-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ 27-2-2001-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 784-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലും 11-ാം കേരള 9.30 A.M.] നിയമസഭയുടെ 6-ാം സമ്മേളനത്തിൽ 18-6-2003-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 430-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലും പിശകുകൾ കടന്നുകൂടിയിരുന്നു. അവയുടെ തിരുത്തിയ ഉത്തരങ്ങൾ വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. †

III. ശ്രദ്ധക്ഷണിക്കൽ

(1) കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുകയും സർവ്വീസുകൾ നിർത്തലാക്കുകയും ചെയ്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. ബിനോയ് വിശ്വം: സർ, കെ.എസ്. ആർ.ടി.സി.-യെ സംരക്ഷിക്കേണ്ട ഗവൺമെന്റ് ആ മഹത്തായ സ്ഥാപനത്തെ കൈയൊഴിയുകയാണോ എന്നു ചോദിക്കേണ്ടി വന്നിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളോട് അങ്ങേയറ്റത്തെ നീതി പുലർത്തുന്ന സ്ഥാപനമാണ് കെ. എസ്.ആർ.ടി.സി. അതിനെപ്പറ്റി ആർക്കും തർക്കമില്ല. ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-യോടു അശേഷം സ്നേഹം കാണിക്കുന്നില്ല. ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ഒരു കാശുപോലും നീക്കിവച്ചിട്ടില്ല. യു.ഡി.എഫ്. എന്നൊക്കെ അധികാരത്തിൽ കയറിയോ അന്നെല്ലാം കെ.എസ്.ആർ.ടി.സി-ക്ക് അവഗണന മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇത്രയും ക്രൂരമായ അവഗണന ഒരിക്കലും ഈ സ്ഥാപനത്തോടു കാണിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പോലും കഴിഞ്ഞ ദിവസം പറയുകയുണ്ടായി. പക്ഷേ ഗവൺമെന്റ് അതു കേൾക്കുന്നില്ല. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിന്റെ കാരണം പറഞ്ഞുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാത്തത്. ആ വകയിലൂടെ മാത്രം 1800 കോടി രൂപ നികുതിയായി ഈ ഗവണ്മെന്റിനു കിട്ടുന്നുണ്ട്. അത്രയും പെരുത്ത സംഖ്യ നികുതിയായി കിട്ടുമ്പോൾ ആ വരുമാനത്തിന്റെ ഒരു ഭാഗം എന്തുകൊണ്ട് ഈ പൊതുമേഖലാസ്ഥാപനത്തിനുവേണ്ടി നീക്കിവയ്ക്കാൻ ഗവൺമെന്റ് സൻമനസ്സു കാണിക്കുന്നില്ല. ഞാൻ കർശനമായി ആവശ്യപ്പെടുന്നു: കേരളത്തിന്റെ യാത്രാവശ്യങ്ങൾക്കുമുമ്പിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്ന ഒരു പൊതുമേഖലാസ്ഥാപനത്തോട് ഗവൺമെന്റിനു ലവലേശം കൂറുണ്ടെങ്കിൽ ഏറ്റവും ചുരുങ്ങിയത് 100 കോടി രൂപയെങ്കിലും

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

The Silver Crow Pheasant Award

Rajatachakoram and a cash prize of Rs. 3,00,000 to the Best Director.

Best Debut Film Award

Rajatachakoram and a cash prize of Rs. 2,00,000 to the Best Debut Director.

Audience Prize

Rajatachakoram and a cash prize of Rs. 1,00,000 to the Director of the Most Popular Film voted by the festival delegates.

FIPRESCI

Award for the Best Film chosen by the Federation Internationale de la Presse Cinematographique.

The International Film Festival of Kerala is an yearly event organised by the Kerala State Chalachithra Academy on behalf of the Department of Cultural Affairs, Government of Kerala.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[27-2-2001-ലെ 784-ാം നമ്പർ ചോദ്യത്തിന്റെയും 18-6-2003-ലെ 430-ാം നമ്പർ ചോദ്യത്തിന്റെയും മറുപടിയിൽ തിരുത്തൽ വരുത്തിയതായുള്ള ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയുടെ പ്രസ്താവനയ്ക്ക് നൽകിയ മറുപടി കാണുക.]

വന്യജീവികളെ മാറ്റുന്നതിന് കൂടുകൾ

[784] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക് കണ്ടുകെട്ടി വന്യജീവികളെ അവിടെ നിന്നും മാറ്റുന്നതിന് എത്ര കൂടുകൾ നിർമ്മിച്ചിരുന്നു;

(ബി) ഇതിന്റെ പണി കോൺട്രാക്ട് നൽകിയിരുന്നോ; എങ്കിൽ ആർക്ക്;

(സി) ഇതിന്റെ പണിക്കുവേണ്ടി എന്തുതുക ചെലവായി;

(ഡി) ഇതിന്റെ പണിക്കുവേണ്ടി എത്ര ദിവസമെടുത്തു;

(ഇ) ഇതിന്റെ പണിക്കാവശ്യമായ തടി എവിടെനിന്ന്; എന്ന് സപ്ലൈ ചെയ്തു;

(എഫ്) എത്ര തടി ഇതിനു വേണ്ടിവന്നു?

ഉത്തരം

(എ) 15 കൂടുകൾ.

(ബി) വി. എസ്. ചന്ദ്രൻ, വെള്ളിമുട്ടം ഹൗസ്, കെ. എസ്. ഇ. ബി.-ക്ക് സമീപം, സുൽത്താൻബത്തേരി എന്നയാളാണ് കൂടുകൾ നിർമ്മിച്ച കരാറുകാരൻ.

(സി) 30,175 രൂപ.

(ഡി) ക്വട്ടേഷൻ പ്രകാരമായതുകൊണ്ട് കൂടു നിർമ്മിച്ചതിനുശേഷമാണ് വില നൽകിയത്. ആയതിനാൽ കൂടിന്റെ പണിക്കുവേണ്ടി എത്ര ദിവസമെടുത്തു എന്നതിന് കൃത്യമായ രേഖയില്ല.

(ഇ & എഫ്) കരാറുകാരൻ നേരിട്ട് തടിവാങ്ങിയാണ് കൂടുകൾ പണിതത്.

തിരുത്തിയ മറുപടി

10-ാം കേരള നിയമസഭയുടെ പതിനാറാമത് സമ്മേളനത്തിലെ 27-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത 784-ാം നമ്പർ ചോദ്യത്തിന്റെ 'എ' പിരിവിനുള്ള ഉത്തരത്തിൽ വന്ന പിശക് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ്.

ചോദ്യം	നൽകിയ മറുപടി	തിരുത്തിയ മറുപടി
(എ) പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക് കണ്ടുകെട്ടി വന്യജീവികളെ അവിടെനിന്നും മാറ്റുന്നതിന് എത്ര കൂടുകൾ നിർമ്മിച്ചിരുന്നു?	15 കൂടുകൾ.	44 കൂടുകൾ നിർമ്മിച്ചിരുന്നു. കൂടാതെ 50 കാർഡ്ബോർഡ് പെട്ടികൾ, 95 മസ്ലിൻ തുണികൊണ്ടുള്ള സഞ്ചികൾ, 20 ചാക്കുകൾ എന്നിവയും തയ്യാറാക്കിയിരുന്നു.

18-6-2003-ൽ നൽകിയ മറുപടി

തിരുവനന്തപുരം ജില്ലയിലെ ഫോറസ്റ്റ് ഗാർഡ് നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ്

[430] ശ്രീ. സി. മമ്മൂട്ടി:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, സി. മോയിൻകുട്ടി:

,, കളത്തിൽ അബ്ദുള്ള:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം ജില്ലയിലെ ഫോറസ്റ്റ് ഗാർഡിന്റെ നിയമനത്തിനുള്ള പി.എസ്.സി.-യുടെ ലിസ്റ്റിൽനിന്നും എത്ര മുസ്ലീം/ഈഴവ സമുദായ അംഗങ്ങൾക്ക് നിയമനം നൽകി;

(ബി) ഇവയിൽ സംവരണാടിസ്ഥാനത്തിൽ നിയമനം ലഭിച്ചവരെത്ര;

(സി) ഈ സമുദായങ്ങളിൽപ്പെട്ട എത്ര പേർക്ക് പ്രസ്തുത ലിസ്റ്റിൽ നിന്ന് ഇനിയും നിയമനം ലഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുസ്ലീം സമുദായത്തിലുള്ള 5 പേർക്കും ഈഴവ സമുദായത്തിലുള്ള 4 പേർക്കും പി.എസ്.സി.-യുടെ ശുപാർശ അനുസരിച്ച് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

തിരുത്തിയ മറുപടി

11-ാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 18-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത 430-ാം നമ്പർ ചോദ്യത്തിന്റെ 'എ' പിരിവിനുള്ള ഉത്തരത്തിൽ വന്ന പിശക് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ്.

ചോദ്യം	നൽകിയ മറുപടി	തിരുത്തിയ മറുപടി
(എ) തിരുവനന്തപുരം ജില്ലയിലെ ഫോറസ്റ്റ് ഗാർഡിന്റെ നിയമനത്തിനുള്ള പി.എസ്.സി.-യുടെ ലിസ്റ്റിൽ നിന്നും എത്ര മുസ്ലീം/ഈഴവ സമുദായ അംഗങ്ങൾക്ക് നിയമനം നൽകി?	മുസ്ലീം സമുദായത്തിലുള്ള 5 പേർക്കും ഈഴവ സമുദായത്തിലുള്ള 4 പേർക്കും പി.എസ്.സി.-യുടെ ശുപാർശ അനുസരിച്ച് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.	മുസ്ലീം സമുദായത്തിലുള്ള 5 പേർക്കും ഈഴവ സമുദായത്തിലുള്ള 5 പേർക്കും പി.എസ്.സി.-യുടെ ശുപാർശ അനുസരിച്ച് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly